File No.FWLD-D2/266/2018-FWLD

**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4087 — 25.06.2018-ൽ മറുപടിയ്ക്ക്.

## വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) വന്യജീവി സങ്കേതം, ദേശീയോദ്യാനം, കടുവാ സങ്കേതം എന്നിവിടങ്ങളിൽ വന്യജീവികൾക്ക് സൈ്വരസഞ്ചാരം നടത്തുന്നതിന് ഉപകരിക്കുന്നതിനായി ആളുകളെ മാറ്റിപ്പാർപ്പിക്കുവാനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ളതാണ് വയനാട്ടിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. വന്യജീവി സങ്കേതത്തിന്റെ പരിധിക്കുള്ളിൽ വസിക്കുന്നവരെ വനത്തിനു പുറത്ത് മറ്റു സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മാറ്റി പാർപ്പിക്കുന്ന ഓരോ കുടുംബത്തിനും പുനരധിവാസത്തിനായി പത്തു ലക്ഷം രൂപ വീതം നൽകുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി വയനാട് വന്യജീവി സങ്കേതത്തിൽ നിന്ന് 800 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. |
| (ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) പദ്ധതിക്ക് നാളിതുവരെ 31.588 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (സി) ഈ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രധാന പുനരധിവാസ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ? | (സി) ഈ ഫണ്ടുപയോഗിച്ച് വയനാട് വന്യജീവി സങ്കേതത്തിലെ ഗോളൂർ സെറ്റിൽമെന്റിൽ നിന്ന് 29 കുടുംബങ്ങളേയും, അമ്മവയൽ സെറ്റിൽമെന്റിൽ നിന്ന് 20 കുടുംബങ്ങളേയും, കൊട്ടങ്കരയിൽ നിന്ന് 64 കുടുംബങ്ങളേയും, കുറിച്യാട് സെറ്റിൽമെന്റിൽ നിന്ന് 105 കുടുംബങ്ങളേയും, അരകുഞ്ചിയിൽ നിന്ന് 3 കുടുംബങ്ങളേയും, വെള്ളക്കോട് നിന്ന് 2 കുടുംബങ്ങളേയും, പുത്തൂരിൽ നിന്ന് ഒരു കുടുംബത്തെയും, നരിമാന്തിക്കൊല്ലി സെറ്റിൽമെന്റിൽ നിന്ന് 6 കുടുംബങ്ങളേയും ഇതിനോടകം പുനരധിവസിപ്പിച്ചു. |

കൊട്ടങ്കര, കുറിച്യാട്, അരകുഞ്ചി, വെള്ളക്കോട് എന്നീ സെറ്റിൽമെന്റുകളിൽ 11 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 6 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ